പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3283

14.03.2018 ൽ മറുപടിക്ക്

## ആരോഗ്യ നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ രംഗത്തിന് പുതിയ ദിശാമുഖം നൽകുന്ന തരത്തിൽ സമഗ്ര ഇടപെടലിന് ആരോഗ്യ നയം വിഭാവനം ചെയ്യുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ആരോഗ്യ മേഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ദീർഘകാല ലക്ഷ്യങ്ങളും ഹ്രസ്വകാല ലക്ഷ്യങ്ങളും നയത്തിൽ മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്.<br>ദീർഘകാല ലക്ഷ്യങ്ങൾ<br>1. സാർവത്രികവും സൗജന്യവും സമഗ്രവുമായ ആരോഗ്യ രക്ഷാ സംവിധാനം ഏർപ്പെടുത്തുക<br>2. ശിശു, ബാല, മാതൃ മരണ നിരക്കുകൾ വികസിത രാജ്യങ്ങളിലേതിനു തുല്യമായ തലത്തിൽ ഏർപ്പെടുത്തുക.<br>3. ജനങ്ങളുടെ ആരോഗ്യത്തോടെയുള്ള ആയുർ ദൈർഘ്യം കൂട്ടുക.<br>ഹ്രസ്വകാല ലക്ഷ്യങ്ങൾ<br>മാതൃമരണ നിരക്ക് ഒരു ലക്ഷം ജനങ്ങളിൽ 66 എന്നതിൽ നിന്ന് 30 ആക്കുക. ശിശുമരണ നിരക്ക് 12 ൽ നിന്നും 8 ആക്കുക. നവജാത ശിശുക്കളുടെ മരണനിരക്ക് 7 ൽ നിന്നും 5 ആക്കുക 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 14 ൽ നിന്നും 9 ആക്കുക. പകർച്ച വ്യാധികളുടെ വാർഷിക രോഗബാധ 50% ആയി കുറയ്ക്കുക ഇത്തരത്തിൽ ആരോഗ്യ മേഖലയിലെ ലക്ഷ്യം SDG യുടെതായി മാറ്റുക. |
| (സി) | സ്കൂൾ പ്രവേശനത്തിന് വിദ്യാർത്ഥികൾ പ്രതിരോധ കുത്തിവയ്പ് എടുത്തതായി സാക്ഷ്യപ്പെടുത്തിയാൽ മാത്രം പ്രവേശനം നൽകിയാൽ മതിയെന്ന് നിബന്ധന കൊണ്ടു വരുവാൻ ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (സി) | സ്കൂളിൽ ചേർക്കുമ്പോൾ കുത്തിവയ്പുകളുടെ സാക്ഷ്യം രേഖപ്പെടുത്തിയ കാർഡ് ഹാജരാക്കാൻ കരട് നയത്തിൽ നിർദ്ദേശമുണ്ട്. |
| (ഡി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതിനും അവയെ സ്വയം ഭരണ സ്ഥാപനങ്ങളാക്കുന്നതിനും ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പ്രവർത്തന സ്വയം ഭരണം നൽകാൻ കരട് നയം നിർദ്ദേശിക്കുന്നുണ്ട്. സങ്കീർണ്ണമായ ഭരണ നടപടി ക്രമങ്ങളും വളരെക്കുറച്ച് ഭരണപരമായ സ്വാതന്ത്ര്യവും മൂലം പ്രിൻസിപ്പൽമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും മെഡിക്കൽ കോളേജ് ഭരണം കാര്യക്ഷമമായും ഫലപ്രദമായും നടത്താൻ കഴിയുന്നില്ല. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്കും പ്രവർത്തന സ്വയംഭരണം നൽകുന്നതിനും സ്ഥലംമാറ്റം ഒഴിവാക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജിനും വേണ്ടി പ്രത്യേകമായി മെഡിക്കൽ റിക്രൂട്ട്മെന്റ് മുഖേന സ്റ്റാഫിനെയും അദ്ധ്യാപകരേയും നിയമിക്കുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ